# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3093     13.07.2015 ന് മറുപടിയ്ക്ക്

## മറയൂരിലെ വനഭൂമി കൈയ്യേറ്റം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. പി.സി.ജോർജ്** | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** |
| (എ) ഇടുക്കി മറയൂരിൽ 44 ആദിവാസി കുടുംബങ്ങൾ വനഭൂമി കയ്യേറി കുടിൽ കെട്ടി താമസം തുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷന്റെ പരിധിയിൽ ചിന്നാർ വന്യജീവി സങ്കേതത്തിൽ മുളങ്ങാമുട്ടിയിൽ 40-ഓളം ആദിവാസികൾ കാട്ടുകമ്പുകളും, മുളകളും, പ്ലാസ്റ്റിക് ഷീറ്റുകളുമുപയോഗിച്ച് 15 വീടുകൾ നിർമ്മിച്ച് 28-05-2015-ൽ താമസം തുടങ്ങിയിട്ടുണ്ട്. |
| (ബി) 2009-ൽ ഉണ്ടായ ഉരുൾപൊട്ടലിൽ കുടിലുകൾ തകർന്ന ആദിവാസികൾക്ക് പകരം ഭൂമി കൊടുക്കാമെന്നുള്ള സർക്കാർ വാഗ്ദാനം പാലിക്കാത്തതുമൂലമാണ് ഇവർ വനഭൂമി കയ്യേറിയിരിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) 2009-ൽ ചിന്നാർ വന്യജീവി സങ്കേതത്തിൽ ഒലികുടി മുതുവാൻ കോളനിയിൽ ഉരുൾപൊട്ടൽ ഉണ്ടാവുകയും ഒരാൾ മരണപ്പെടുകയും ടി കുടിയിലെ വീടുകൾ ഭാഗികമായി തകർന്നു പോകുകയും ചെയ്തു. ഈ ആളുകളെ ചിന്നാർ വന്യജീവി സങ്കേതത്തിലെ തായണ്ണൻകുടി, വെള്ളക്കൽകുടി, പുതുകുടി എന്നിവിടങ്ങളിലായി താൽക്കാലികമായി പുനരധിവസിപ്പിച്ചു. ഉരുൾപൊട്ടൽ ഉണ്ടായ ഒലികുടി ഭാഗത്ത് ഉദ്ദേശം 305 ഹെക്ടർ സ്ഥലത്ത് തുടർന്നും ഇവർ കൃഷി ചെയ്തു വരുന്നു. ഇവരുടെ പുനരധിവാസം വനാവകാശ നിയമപ്രകാരം നടപ്പാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. ഇപ്രകാരം നടപടി നടന്നുവരവെയാണ് ഇവർ ഒലികുടിയിൽ താമസമാക്കുന്നതിന് മുൻപ് താമസിച്ചിരുന്ന മുളങ്ങാമുട്ടിയിൽ കുടിൽകെട്ടി താമസം തുടങ്ങിയത്. |

| | | | |
|---|---|---|---|
| (സി) | ഉണ്ടെങ്കിൽ ആരുടെ വീഴ്ചമൂലമാണ് ആദിവാസികൾക്ക് നാളിതുവരെ ഭൂമി നൽകാതിരുന്നത്; വിശദമാക്കുമോ; | (സി) | ടി ആദിവാസികൾക്ക് നിലവിൽ ഒലികടി ഭാഗത്ത് 305 ഹെക്ടറോളം സ്ഥലം കൈവശത്തിലുള്ളതും അവിടെ കൃഷി ചെയ്തു വരുന്നതുമാണ്. ഒലികടിക്കു പകരം മുളങ്ങാമൂട്ടി എന്ന സ്ഥലത്ത് താമസിക്കാൻ സ്ഥലം വേണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഇവർ നൽകിയ നിവേദനം വനാവകാശനിയമപ്രകാരം നടപടിയിലിരിക്കെയാണ് കുടിൽ കെട്ടി താമസം തുടങ്ങിയത്. ഇക്കാര്യത്തിൽ വീഴ്ചയുണ്ടായിട്ടില്ല. |
| (ഡി) | പ്രസ്തുത ആദിവാസികളെ വനം വകുപ്പ് അധികൃതർ ബലമായി ഒഴിപ്പിക്കാൻ ശ്രമിച്ചപ്പോൾ സ്ത്രീകൾ ഉൾപ്പെടെ ആത്മഹത്യാഭീഷണി മുഴക്കിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ടി ആദിവാസികളോട് ഒഴിഞ്ഞുപോകാൻ വനം വകുപ്പ് അധികൃതർ ആവശ്യപ്പെട്ടുവെങ്കിലും ഒഴിഞ്ഞു പോകില്ലെന്നും ഒഴിപ്പിക്കാൻ ശ്രമിച്ചാൽ ആത്മഹത്യ ചെയ്യുമെന്നും അവർ പറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിനായി വനം വകുപ്പ് ബലം പ്രയോഗം നടത്തിയിട്ടില്ല. |
| (ഇ) | ഇവരെ സംരക്ഷിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ഇ) | 2006-ലെ വനാവകാശ നിയമപ്രകാരം ഉചിതമായ നടപടികൾ ബന്ധപ്പെട്ട ഗ്രാമസഭ, സബ് ഡിവിഷണൽ ലെവൽ കമ്മിറ്റി, ജില്ലാതല കമ്മിറ്റി എന്നിവയിൽ സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ കുടിൽ കെട്ടി താമസിക്കുന്ന മുളങ്ങാമൂട്ടിയിൽ തന്നെ ഇവർക്കു താമസസ്ഥലം നൽകുന്ന വിധത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു. |

Ajithal

സെക്ഷൻ ഓഫീസർ